## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ദേശമംഗലം ഗ്രാമപഞ്ചായത്ത് -തൃശ്ശൂർ ജില്ല - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 1997-98 - ഖണ്ഡിക 18 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം. 2890/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 06/11/2014

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 27/12/2013-ലെ എം3-44157/2013 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 14/07/2014-ലെ L.F. 2183/PT2/14 നമ്പർ കത്ത്.

### ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 18-ൽ പോളിയോ നിർമ്മാർജ്ജന പരിപാടിയ്ക്ക് അധികം ചെലവഴിച്ച 2,790/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പോളിയോ നിർമ്മാർജ്ജന പരിപാടിയ്ക്ക് തന്നെ അധികരിച്ച ചെലവഴിച്ച തുക കുറ്റമറ്റ രീതിയിൽ വിനിയോഗിച്ചിട്ടുള്ളത് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും ഭരണസമിതി തീരുമാനത്തിന്റേയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 18 പ്രകാരം തടസ്സപ്പെടുത്തിയ പോളിയോ നിർമ്മാർജ്ജന പരിപാടിയ്ക്കായി ചെലവഴിച്ച 2,790/- (രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കണമെന്ന വ്യവസ്ഥയിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ